**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *471 17.05.2017 ലെ മറുപടിക്ക്.**

***നോർക്കയുടെ ആഭിമുഖ്യത്തിൽ ലോക കേരളസഭ***

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |

| | |
|---|---|
| **(എ)** നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | **(എ)** പ്രവാസികളെ സംബന്ധിയ്ക്കുന്ന കാര്യങ്ങൾ അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവർക്ക് കാലാനുസൃതമായ സേവനങ്ങൾ നൽകേണ്ടതാണ്.അതിന്റെ ഭാഗമായി 2017-18 വർഷത്തെ ബഡ്ജറ്റിൽ പുതിയ 5 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1).**ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡേറ്റബെയ്സ് രൂപീകരണവും** :-പ്രവാസി മലയാളികളെക്കുറിച്ചുള്ള സമഗ്രമായ വിവരം ശേഖരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പ്രവാസി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ പ്രവാസി മലയാളികൾക്ക് സഹായമെത്തിക്കുന്നതിനുമുള്ള പദ്ധതി.<br>2).**കമ്പോള ഗവേഷണം, നൈപുണ്യം നിയമനത്തോടനുബന്ധിച്ചും അതിന് മുൻപും ശേഷവുമുള്ള സേവനങ്ങൾ** :-തൊഴിലാളികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ യുക്തിഭദ്രമാക്കുക, പരിശീലനം, നൈപുണ്യ വികാസം, നിയമനാനന്തര സഹായം, നിയമസഹായം, തൊഴിലാളിക്കും തൊഴിൽ ദാതാവുമായുള്ള ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി റിക്രൂട്ട്മെന്റ് ഏജൻസികളുടേയും ഗവൺമെന്റിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി.<br>3).**ലോക കേരളസഭ** :-പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും അവ വിശകലനം ചെയ്ത് |

| | |
|---|---|
| | നവീന ആശയങ്ങൾ രൂപീകരിക്കുന്നതിനും രാജ്യത്തിന് അകത്തും പുറത്തുമുള്ള കേരളീയർ തമ്മിലുള്ള ബന്ധം സൃഷ്ടിയ്ക്കുന്നതിനും സഹായിക്കുന്ന പരിപാടി.<br>4).**ആഗോള സാംസ്കാരിക ഉത്സവം**:- കലാകാരൻമാർക്കും സാംസ്കാരിക പ്രവർത്തകർക്കും അവരുടെ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് പ്രവാസിമലയാളികളുടെ സഹകരണത്തോടെ കേരളത്തിൽ സാംസ്കാരിക ഉത്സവം സംഘടിപ്പിച്ച് സാംസ്കാരിക വിനിമയത്തിന് വേദിയൊരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പരിപാടി.<br>5).**വിമാനത്താവളങ്ങളിൽ അടിയന്തര ആംബുലൻസ് സേവനം** :- പ്രവാസി മലയാളികളുടെ അടിയന്തര ചികിത്സാ ആവശ്യങ്ങൾക്കും, മരണപ്പെട്ട പ്രവാസി മലയാളിയുടെ മൃതശരീരം യഥാസ്ഥലത്തേക്ക് എത്തിക്കുന്നതിനും വിമാനത്താവളങ്ങളിൽ ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി. |
| **(ബി)** ലോക കേരളസഭ എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>**(സി)** ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് പ്രവാസികൾക്ക് ലഭ്യമാക്കുക എന്ന് വ്യക്തമാക്കുമോ? | **(ബി)&(സി)** ഉണ്ട്, പ്രവാസ വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും വിദഗ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനും നൂതനമായ പ്രവാസ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാരിന് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും ലോകകേരളസഭ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിയമസഭാ സമാജികരും, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രവാസിമലയാളികളുടെ പ്രതിനിധികളുമാണ് സഭയിലെ അംഗങ്ങൾ. വിഷയാധിഷ്ഠിത ചർച്ചകളും സെമിനാറുകളും ഇതിന്റെ ഭാഗമാക്കുവാൻ പദ്ധതിയുണ്ട്. വർഷത്തിലൊരിക്കലെങ്കിലും സഭ സമ്മേളിക്കാനാണ് ലക്ഷ്യമിടുന്നത്. 2018 ജനുവരി മാസം തിരുവനന്തപുരത്ത് ആദ്യ സമ്മേളനം നടത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ